CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്രിസ്തു ജയന്തി 2000


ക്രിസ്തു ഇന്നലെയും ഇന്നും എന്നും

മഹാജൂബിലി




സെന്റ് മേരീസ് ഫൊറോനാ പള്ളി
പള്ളിപ്പുറം

# മില്ലനിയം ഫെസ്റ്റ്




Christian Musicological Society of India



പ്രധാന അൾത്താര

Christian Musicological Society of India



പള്ളിപ്പുറം പള്ളിയിലെ അതിപുരാതനമായ ശിലാലിഖിതങ്ങൾ




പള്ളിപ്പുറം സെമിനാരിയിൽ മൽപ്പാന്മാർ ഉപയോഗിച്ചിരുന്ന അതിപുരാതനമായ കിണർ



വി. തോമ്മാശ്ലീഹാ സ്ഥാപിച്ച കുരിശ്



പള്ളിപ്പുറം ഫൊ. പള്ളിയിലെ മറിയം മണി എന്നറിയപ്പെടുന്ന അതിപുരാതനമായ മണി



Christian Musicological Society of India




ചാവറ പിതാവ് വികാരിയായിരുന്നപ്പോൾ സ്ഥാപിച്ച മാമ്മോദീസാ കൽത്തൊട്ടി




പൂർവ്വികർ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി




ഭാഗ്യസ്മരണാർഹനായ പാലയ്ക്കൽ തോമ്മാമല്പാൻ ജനിച്ചു വളർന്ന ഭവനം ഉൾപ്പെടുന്ന സ്ലാച്ചു



Christian Musicological Society of India



ഫൊ. പള്ളിക്കു മുൻവശമുള്ള കപ്പേള



പള്ളിപ്പുറം മണിമാളിക



പള്ളിക്കടവ് കുരിശുപള്ളി




Christian Musicological Society of India



പള്ളിപ്പുറം പള്ളിയിൽ തിരുഹൃദയ പ്രതിഷ്ഠ
സൂക്ഷിച്ചിരിക്കുന്ന "മദ്ബഹാ"



പള്ളിപ്പുറം ഫൊ. പള്ളിയുടെ തവണക്കടവിലുള്ള കുരിശടി




പുണ്യശ്ലോകനായ പാലയ്ക്കൽ തോമ്മാമല്പാൻ
അന്ത്യ വിശ്രമം കൊള്ളുന്ന കബറിടം




ബിഷപ്പ് റാഫേൽ സാൽഗാദോ പിതാവ്
അന്തിമവിശ്രമം കൊള്ളുന്ന കബറിടം



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | വികാരിയച്ചന്റെ സന്ദേശം | 23 |
| 2. | ചരിത്രപ്രസിദ്ധമായ പള്ളിപ്പുറം പള്ളി | 25 |
| 3. | മഹാജൂബിലിവത്സരത്തിലെ മഹത്തായ തിരുനാൾ - ഒരനുസ്മരണം *-സി. ജോസിലിൻ എഫ്.സി.സി.* | 33 |
| 4. | ചരിത്രപ്രസിദ്ധമായ പള്ളിപ്പുറം പെരുന്നാൾ *-ഈപ്പോ വർഗീസ്* | 41 |
| 5. | പാരിഷ് ഫാമിലി യൂണിയൻ | 51 |
| 6. | 1949 മുതൽ 2000 വരെയുള്ള കാലങ്ങളിൽ തിരുനാൾ നടത്തിയവരുടെ പേരും തിരുനാൾ നടത്തിയ വർഷവും | 94 |
| 7. | പള്ളിപ്പുറവും പള്ളിയും - ഒരു ചരിത്രാന്വേഷണം *-മാത്യു സി. കടവൻ* | 95 |
| 8. | മതബോധനം | 101 |
| 9. | പള്ളിപ്പുറം പള്ളിയും ദർശനസമൂഹവും *-അപ്പച്ചൻ വടയക്കൂറ്റ്* | 107 |
| 10. | ഒറ്റപ്പുന്ന കുരിശുപള്ളി | 111 |
| 11. | കേളമംഗലം പള്ളി | 113 |
| 12. | വിൻസെന്റ് ഡി പോൾ സഖ്യം | 115 |
| 13. | തിരുബാലസഖ്യം | 117 |
| 14. | സി.എൽ.സി. (മരിയൻ സൊഡാലിറ്റി) | 121 |
| 15. | ലീജിയൻ ഓഫ് മേരി | 125 |
| 16. | അൾത്താരബാലസഖ്യം | 127 |
| 17. | വിമെൻ വെൽഫെയർ അസോസിയേഷൻ | 129 |
| 18. | ഫാമിലി അപ്പസ്തോലേറ്റ് | 131 |
| 19. | പള്ളിപ്പുറത്തമ്മ *-വർഗീസ് ഉലഹന്നാൻ തളിയാടി* | 137 |
| 20. | സെന്റ് മേരീസ് എൽ.പി. സ്കൂൾ | 139 |
| 21. | അസംപ്ഷൻ എഫ്.സി. കോൺവെന്റ് | 143 |
| 22. | സാന്തോം എഫ്.സി. കോൺവെന്റ് | 147 |
| 23. | സെന്റ് തോമസ് ആശുപത്രി | 151 |
| 24. | ലെവുക്ക മഠവും സ്കൂളും | 157 |
| 25. | ദർശനസമൂഹം പ്രവർത്തനറിപ്പോർട്ടും തിരുനാൾ പ്രവർത്തനവും | 181 |
| 26. | നാല്പതുമണി ആരാധനാസഖ്യം | 187 |
| 27. | പാലയ്ക്കൽ പെ. ബ. തോമാ മല്പാനച്ചന്റെ ചരിത്രം | 189 |
| 28. | നന്ദി, നന്ദി! | 200 |


Photo by: ഷിജി ഫോട്ടോസ് ആൻഡ് വീഡിയോ വിഷൻ, തൈക്കാട്ടുശ്ശേരി



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA





# പാലയ്ക്കൽ പെ. ബ. തോമാ മല്പാനച്ചൻെറ ചരിത്രം

പുണ്യപുരുഷനും സഭാപിതാവും മലയാളത്തിൽ ക.നി.മ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനുമായ പള്ളിപ്പുറത്തു പള്ളി ഇടവകക്കാരൻ പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചൻെറ ചരിത്രം. വാഴ്ത്തപ്പെട്ട പെ. ബ. ചാവറ കുരിയാക്കോസ് ഏലിയാസച്ച നാൽ എഴുതപ്പെട്ടത്:

പാലയ്ക്കൽ തോമ്മാ മല്പാനച്ചൻെറ ജീവചരിത്രമെഴുതുവാൻ നിർദ്ദേശം.....

"പെ.ബ. ലെയോപ്പാംഡ് എന്ന മൂപ്പച്ചൻ പുത്തൻ സന്ന്യാസികളുടെ ഗുരുവും കൊവേന്തക്കാർക്കൊക്കെയും വികാരി പ്രൊവിൻഷ്യാം ആകുന്നു. പെ.ബ. മെത്രാപ്പോലീത്തച്ചൻെറ പ്രതിനിധിയായി ഭരണം നടത്തിവരുമ്പോൾ 1846 മകരം 12-ന് ഞാനും[1] ഈ കൂനമ്മാവു കൊവേന്തയിൽ വന്നു താമസിക്കയിൽ, കൊവേന്തയിൽ കൂടിയിരിക്കുന്നവരുടെയും, മരിച്ചവരുടെയും പേരും നാടും, ഇടവക മുതലായ വിവരങ്ങൾ ചോദിക്കുവാനായി എന്നെ അദ്ദേഹത്തിൻെറ മുറിയിൽ വിളിച്ചു ചോദിച്ചപ്പോൾ, നമ്മുടെ കൊവേന്തയ്ക്ക് അടിസ്ഥാനക്കാരനായ പെ. ബ. പള്ളിപ്രത്ത് മല്പാനച്ചൻ, നമ്മുടെ കാരണവർ ആയിരിക്കയാലും അദ്ദേഹം വളരെ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നതിനാലും ഇനി വരുന്നവർക്ക് ആയത് ഓർമ്മയുണ്ടാകുവാനും, അദ്ദേഹത്തിനെ ഓർമ്മിക്കുവാനും മറ്റുള്ളവർ കണ്ടു പഠിക്കുന്നതിനുമായി മല്പാനച്ചൻെറ വിവരങ്ങൾ എഴുതി ഇടണമെന്നും ആയതിനു വേണ്ട സഹായങ്ങൾ ചെയ്തു കൊള്ളാമെന്നും കല്പിച്ചപ്പോൾ,... പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു. നടത്തിയും പഠിപ്പിച്ചു വളർത്തിയും, അദ്ദേഹത്തിൻെറ മരണം വരെയും മാംസത്തിനടുത്ത സ്വന്തക്കാരിലും, അരുപിക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താത്പര്യവും എൻെറ മേൽ വച്ച്, ആ ദേഹത്തിൻെറ സമ്പത്തിന്നവകാശി എന്നതുപോലെ താത്പര്യം വച്ചും സ്നേഹിച്ചും, എന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്ക് എന്നെ ചുമതലപ്പെടുത്തി മരിക്കുകയും,... ഈ വണ്ണമുള്ള ഉപകാരങ്ങൾ ഒക്കെ കൈക്കൊള്ളപ്പെട്ടവനായിരിക്കുകയാൽ ഈ വേല ചെയ്യുവാൻ[2] കടപ്പെട്ടിരിക്കുന്നു... എന്നാൽ ഈ എഴുതുവാൻ പോകുന്ന സംഗതികൾ ഒക്കെയും കണ്ണുകൊണ്ടു കണ്ടതായിട്ടും, വിശ്വാസമുള്ളവരിൽ നിന്നും കേട്ടതായിട്ടും ഈ ദേഹത്തിൻെറ[3] നാവിൽ നിന്നും പറഞ്ഞു കേട്ടിട്ടുള്ളതുമാകുന്നു.... ഈ വണ്ണം ഞാൻ എഴുതുന്നു എങ്കിലും ഞാൻ അറിയാത്തതായ മറ്റു പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എൻെറ ഓർമ്മയിൽ വരുന്നതുമായ സംഗതികൾമാത്രം ഇവിടെ കുറിക്കുന്നു.

**കുടുംബം (പേജ് 83):** ഈ ദേഹത്തിൻെറ ജന്മസ്ഥലം തെക്കൻ പള്ളിപ്രം എന്ന ദിക്കിൽ പള്ളിയുടെ കിഴക്കോട്ടുള്ള അങ്ങാടിയിൽ വടക്കേ പന്തിയിൽ പാലയ്ക്കൽ എന്ന തറവാട്ടുകാരനാകുന്നു... അമ്മ കല്ലൂർക്കാട്ടു പള്ളി ഇടവകയിൽ പുത്തൻപുരയ്ക്കൽ എന്നുള്ള പള്ളിയുടെ തെക്കേ അങ്ങാടിയിലുള്ള വീട്ടിൽ നിന്നും... (പേജ് 84) ഇദ്ദേഹത്തിൻെറ കാരണവന്മാർ ഒരു പ്രകാരം ദ്രവ്യവും മാനവും ഉള്ളവരത്രെ...

**വൈദികപാരമ്പര്യം:** ...മുൻപും ഈ ദേഹത്തിൻെറ മുത്തപ്പൻ ഗീവർഗ്ഗീസു പട്ടക്കാരനും, എളേഅപ്പൻ മാത്തു കത്തനാർ എന്നുംയിങ്ങനെയുള്ളവരിൽ മാത്തു കത്തനാരച്ചൻെറ ജ്യേഷ്ഠൻ[4].....



Christian Musicological Society of India

**വസൂരിയും പഞ്ഞവും:** ....ആ എടവകയിൽ എന്നാൽ ഈ ദേഹത്തിന്റെ ചെറുപ്പത്തിൽ മലയാളം കണക്കിൽ 65-ാം ആണ്ടിൽ വസൂരികൊണ്ടുള്ള വല്യ ശിക്ഷയും പഞ്ഞവും ഈ ദിക്കുകളിൽ ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തിയുള്ളവർ മരിക്കുകയും, മറ്റു ചില യോഗ്യങ്ങളാലും, ഈ ദ്രവ്യങ്ങൾക്ക് അധികം നഷ്ടം വന്നതിനാൽ ഞെരുക്കത്തോടു കൂടിയും... ഈ വസന്തയിൽ അപ്പൻ മരിച്ചു പോയതിനാലും, ഈ ദേഹത്തിന്റെ ജ്യേഷ്ഠൻ സാമർത്ഥ്യമില്ലാത്ത ഒരുത്തനും ചെറുപ്പവും ഇങ്ങനെ രണ്ടു പെങ്ങന്മാരും.... ഈ 4 മക്കളെയും ഞെരുക്കത്തോടെ അമ്മ വളർത്തിക്കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലത്തുള്ള ഭക്തകളിൽ അധികഭക്തകാരിയും ആയിരുന്നു....

**ടിപ്പുവിന്റെ ആക്രമണം:** ...എന്നാൽ അക്കാലങ്ങളിൽ മേൽപറഞ്ഞ കൊള്ളകാലവും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മുഹമ്മദു മതക്കാരൻ രാജാവിന്റെ പട വന്നു പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും, കാണുന്നവരെ പിടിച്ച് അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലാ ചെയ്കയും... ഈ വണ്ണമുള്ള എളക്കത്താൽ ഏറിയ ജനങ്ങളും ആ ദിക്കിൽ നിന്നും പടി ഓടി വരികയും, ആയതിനോടു കൂടെ കുത്തിയതോട്ടിൽ തച്ചിൽ മാത്തു തരകൻ എന്നയാളും, അയാളുടെ അനുജൻ അബ്രാഹം മൽപാൻ അച്ചനും, അദ്ദേഹത്തിന്റെ കൂടെ പഠിച്ചിരുന്ന ശെമ്മാശ്ശന്മാരും സെമിനാരിയോടു കൂടെ വന്നു പള്ളിപ്പുറത്തു പാർക്കുകയും പഠിപ്പിക്കുകയും ചെയ്തു.

**മല്പാനച്ചന്റെ വൈദികപഠനം (പേജ് 85):** ....അപ്പോൾ ഈ ദേഹത്തിന്റെ ആഗ്രഹത്താലും അപേക്ഷയാലും, പഠിപ്പാൻ തുടങ്ങുകയും, ആ കാലത്തിന്റെ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും[5] അനുഭവിച്ചുകൊണ്ടും... ശേഷം പേരോടുകൂടി പോയി പഠിക്കുകയും... ഇങ്ങനെ ദൈവസഹായത്താൽ പഠിത്തവും കഴിഞ്ഞ് പട്ടമേൽക്കുകയും ചെയ്തു.

**മാർ റെയ്മന്തു സൂര്യ മെത്രാനച്ചന്റെ സെക്രട്ടറി (പേജ് 16-18):** ഞങ്ങളുടെ മല്പാനച്ചൻ പീയൂസ് ഏഴാമൻ മാർപ്പാപ്പയുടെ കാലത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിട്ടു വാണിരുന്ന മാർ റെയ്മന്തു സൂര്യ എന്ന മെത്രാനച്ചന്റെ സെക്രട്ടറിയായിട്ട് പാർത്തിരുന്നതിനാൽ... ഈ നമ്മുടെ മെത്രാനച്ചൻ അവിടെ വന്ന് ഈ ദേഹത്തിന്റെ സത്സ്വഭാവവും, പുണ്യശീലവും, അറിവും, നെറിവും, കണ്ട് വിശ്വാസമുള്ള മന്ത്രിയായിട്ടും, അദ്ദേഹത്തിന്റെ കുമ്പസാരക്കാരൻ[6] ആയിട്ടും തിരഞ്ഞെടുത്ത് ഇവിടെയ്ക്കു വന്നപ്പോൾ കൂടെകൊണ്ടു പോരുകയും മെത്രാസന കച്ചേരിയിലെ ചാൻസലർ[8] ആയിട്ടു കൽപ്പിക്കുകയും...

**മെത്രാന്മാരുടെ ആലോചനക്കാരൻ:** ...പിന്നെത്തേതിലുണ്ടാകുന്ന യജമാനന്മാരുടെ[8] ഗുണദോഷങ്ങൾ ഒക്കെയ്ക്കും, മല്പാനായി ഞങ്ങളെ പഠിപ്പിച്ചു തുടങ്ങിയതിന്റെ ശേഷവും വിളിക്കുമാറായിരുന്നു. ...അപ്രകാരം ബഹുമാനപ്പെട്ട മാർ മൗറേലിയോസ് എന്ന മെത്രാനച്ചനും വിളിച്ച് ഒന്നുകിൽ സെക്രത്താരി ആയിട്ട് അവിടെ പാർക്കണം അല്ലെങ്കിൽ ഇപ്രകാരം വിശ്വാസമുള്ള ഒരു പട്ടക്കാരനെയിവിടെ നിർത്തണമെന്നും കല്പിക്കയാൽ, ഞങ്ങളുടെ മല്പാനച്ചന് ഈ പഠിത്തമെന്ന ജോലി ഉപേക്ഷിക്കുവാൻ വയ്യാത്തതുകൊണ്ട് അദ്ദേഹത്തിന്റെ സ്നേഹിതൻ പോരൂക്കര തോമ്മാക്കത്തനാരച്ചനെ മെത്രാനച്ചന്റെ സെക്രട്ടറിയായിട്ടു കല്പിച്ചു നിർത്തി...

**പള്ളിപ്പുറത്തു സെമിനാരി സ്ഥാപിക്കുന്നു (പേജ് 95):** മല്പാനായി പഠിപ്പിപ്പാൻ തുടങ്ങി എന്നതിമ്മേൽ... 1818-ാം കാലം പള്ളിപ്രത്തെ എടവകക്കാരനായ മങ്ങലത്തു ചാണ്ടി എന്ന വാലിഭക്കാരനെ പഠിപ്പിക്കണമെന്ന് അയാളുടെ വല്യപ്പൻ ടി പള്ളിയുടെ വികാരിയച്ചൻ പറയുകയാലും ആ ദേഹം ചാർച്ചക്കാരനാകയാലും ഈ ഇടയിൽ തന്നെ കുറെ ഉപദ്രവിച്ചു സങ്കടപ്പെടുത്തിയതുകൊണ്ട് "ഉപദ്രവിച്ചവന്നു ഉപകാരം ചെയ്യണം, ദ്വേഷിച്ചവനെ സ്നേഹിക്കണം" എന്നു ദിവ്യ രക്ഷിതാവ് അരുൾചെയ്തിരിക്കയാലും, ആ വേല ചെയ്യുന്നതിനു സമ്മതിച്ച് ഇയാളിറെ സുറിയാനി പഠിപ്പിക്കുവാൻ തുടങ്ങി. അക്കാലത്തിൽ വടയാറ്റു പള്ളിയിൽ പാറേൻമാക്കൽ മാത്തൻ മൽപാൻ പഠിപ്പിച്ചുവന്നിരുന്നു. ആ ദേഹത്തോടു കൂടെ വൈക്കത്തുപള്ളി ഇടവകക്കാരൻ പഴേകടവിൽ യൗസേപ്പും, കടുത്തുരുത്തിപള്ളി ഇടവകക്കാരൻ മുട്ടത്തിൽ കുര്യനും, എരണയ്ക്കൽ കുരുവിളയും, മുട്ടുച്ചിറപള്ളി ഇടവകക്കാരൻ പറമ്പിൽ പൗലോസും ഇങ്ങനെ നാലു വാലിഭക്കാരും പഠിച്ചിരുന്നു. ആ സമയം തലയോലപ്പറമ്പിൽ കുരിശുപള്ളി വയ്ക്കുന്നതിന് മലപ്പുറത്ത് ഇട്ടൻ കത്തനാരച്ചൻ തുടങ്ങി. അപ്പോൾ വടയാറ്റു മൽപാനച്ചൻ ആ സ്ഥലം അദ്ദേഹത്തിന്റെ ഇടവകയ്ക്കു ചേരേണ്ടതാണെന്നും, ആ ദേഹത്തിനു പള്ളി വയ്പിക്കണമെന്നും വാദിച്ച് സർക്കാരിൽ അന്യായപ്പെട്ടു. ഈ വഴക്കു മുഖാന്തിരത്താൽ ഇട്ടൻ കത്തനാരച്ചൻ പെ.ബ. പ്രോസ്പേരു മൂപ്പൻ പാദ്രിഅച്ചനെ ബോധിപ്പിച്ചു. നമ്മുടെ രൂപതയിൽ ഉള്ളവരു നമ്മുടെ രൂപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കയില്ലെന്നും, ആയതുകൊണ്ട് ഈ നാലു വാലിഭക്കാർ വടയാറ്റുനിന്നും മാറി പള്ളിപ്പുറത്ത് പാലയ്ക്കൽ തോമ്മാ കത്തനാരോടു കൂടെ പോയി പാർത്തു പഠിച്ചുകൊള്ളണമെന്നും അവരെ പഠിപ്പിച്ചുകൊള്ളണ



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY of INDIA



മെന്നും ഒരു കല്പന വാങ്ങിച്ച് മേൽപറഞ്ഞ ഇട്ടൻ കത്തനാരച്ചൻ ഈ നാലു പേരെയും കൊണ്ടുവന്ന് പള്ളിപ്പുറത്ത് ആക്കുകയും ചെയ്തു.

**ചാവറ പള്ളിപ്പുറം സെമിനാരിയിലേക്ക്: (പേജ് 96)** ...മേൽപടി ആണ്ടിൽതന്നെ എൻെറ പതിനൊന്നു വയസ്സിൽ പഠിക്കണമെന്ന് മനസ്സ് എനിക്കുണ്ടായതിനാലും, കാരണവന്മാരായ അപ്പനും അമ്മയ്ക്കും ആദ്യം മനസ്സില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗ്ഗീസു കത്തനാരച്ചൻെറ അപ്പനും എൻെറ ഇളയപ്പനും മനസ്സാകയാലും ഒടുവിൽ കാരണവന്മാരും സമ്മതിക്കുകയും മുൻപറഞ്ഞിരിക്കുന്ന ഈ ദേഹത്തിൻെറ ഇളയമ്മാവനായ മകൻെറ വചനത്താലും എന്നെ ചേർക്കുകയും ചെയ്തു.

**പള്ളിപ്പുറം സെമിനാരി വളരുന്നു (പേജ് 96-97):** ...അതിൻെറ ശേഷം വരാപ്പുഴ സെമിനാരിയിൽ അന്നു മല്പാനായി പഠിപ്പിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇടവകക്കാരൻ മാളിയേക്കൽ ചെറിയാൻ മാത്തു കത്തനാരച്ചൻെറ കൂടെ പഠിച്ചിരുന്ന കോയിൽമുക്കു പള്ളി ഇടവകക്കാരൻ ഉരാൻമേൽ ചാണ്ടിപ്പിള്ള ശെമ്മാശനും കൂടി. പിന്നീടു കുറവിലങ്ങാടു പള്ളി ഇടവകക്കാരൻ നാൽപതു വയസ്സു പ്രായം ചെന്ന പീലിപ്പോസ് എന്നൊരാൾ തപസ്വിയായി കടുത്തുരുത്തി പള്ളിയിൽ പാർത്ത് പുണ്യഭാഷിയായി നടന്നുവന്നു. ഇയാൾക്ക് പട്ടമേൽക്കണമെന്നുണ്ടായിരുന്നതിനാൽ ഞാൻ ചെലവിനു കൊടുത്തുകൊള്ളാമെന്ന് ആ ഇടവകക്കാരൻ നിലപ്പന കുഞ്ഞുവറീതു മാപ്പിള പറഞ്ഞയക്കുകയും, ഇപ്രകാരം ഇരുവരുംകൂടി പള്ളിപ്പുറത്തുവന്ന് ഈ ദേഹത്തിനോട് അപേക്ഷിക്കുകയും ചെയ്തു. കിഴവനാകയാൽ ഈ പഠിക്കുന്നവർക്ക് സൽഗുണദോഷം പറവാനും , കാട്ടുവാനും നന്നാകുന്നു എന്ന് നിരൂപിച്ച് അപ്രകാരം അയാളെയും കൂട്ടി ഈ വണ്ണം മറ്റു ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും ഓരോരുത്തർ വന്നു കൂടുകയും ചെയ്തു.

**പള്ളിപ്പുറം സെമിനാരിയിലെ നിയമാവലി, ക്രമീകരണം (പേജ് 100-101):** ...ഈ ശമ്മാശ്ശന്മാരും മുൻപറഞ്ഞ കോയിൽമുക്കുകാരൻ ചാണ്ടിപ്പിള്ള ശമ്മാശ്ശനും പിന്നെയും മറ്റു ചിലരും വന്നു കൂടിയതിനാൽ ഇദ്ദേഹം ഒരു സെമിനാരിക്രമം എഴുതിയുണ്ടാക്കി. ആയതിനു പന്ത്രണ്ടു വകുപ്പുണ്ട്. ആയത് ഒരു പസ്കിയിൽ പതിച്ചു പഠിക്കുന്ന സ്ഥലത്തു വെച്ചു. പള്ളിയുടെ വടക്കുവശത്തു വരാന്തയുടെ കിഴക്കെ അറ്റത്തു ഒരു മുറിയുണ്ട്. അതിലത്രെ ഈ ദേഹം പാർക്കുന്നത്. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്തു ഒരു ചെറിയ മുറിയും നടുവിൽ നീളമുള്ള ഒരു വരാന്തയും ഉണ്ട്. ഈ വരാന്തയത്രെ സെമിനാരി ആക്കിയതു, അവിടെ ഇരുവശത്തു വങ്കും[9] നടുവിൽ മേശയും ഇട്ടു ഇരുവശത്തും ശമ്മാശ്ശൻമാരു ഇരിക്കയും ചെയ്തിരുന്നു. ഞങ്ങൾ അവിടെനിന്നു ആവശ്യത്തിനു മാത്രം പുറത്തുപോയിരുന്നു. അഞ്ചുമണിക്കു പുറത്തിറങ്ങി നടന്നിരുന്നു. ഉച്ചയ്ക്കു തീൻ കഴിഞ്ഞാൽ കുറെ നേരം ഉറങ്ങുവാൻ മുറിയിൽ പോകും. അപ്പോൾ എല്ലാവരും സുറിയാനി മലയാഴ്മ എഴുതണം. 6 മണിക്കു പള്ളിയിൽ പോയി ലുത്തനിയ, ധ്യാനവായന, കൊന്തനമസ്കാരം മുതലായതു എത്തിച്ചിരുന്നു. ഇതിനെല്ലാം ഞങ്ങളോടുകൂടി ഈ ദേഹവും കൂടിയിരുന്നു. ഇതിൻെറ ശേഷം പഠനസ്ഥലത്തു ഞങ്ങളോടുകൂടി വന്നിരിക്കയും ചെയ്തിരുന്നു. അത്താഴം കഴിഞ്ഞു കുറെനേരം ജ്ഞാനകാര്യങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തതിൻെറ ശേഷം മണികൊട്ടി ഉറങ്ങാൻ പോകുകയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നേരം വരെയും ളോവ ഉടുത്തുകൊണ്ടു അവിടെത്തന്നെ ഇരിക്കയും മണി ഇല്ലായ്കയാൽ ചിലപ്പോൾ പതിനൊന്നു മണിവരെ രാവായിപ്പോകുകയും ചെയ്യും. ഞങ്ങൾ ഉറങ്ങുവാൻ പോയാലും ഈ ദേഹം വീണ്ടും അവിടെ ഇരുന്ന് ഏറിയ നേരം വായിച്ചിരുന്നു. ഇങ്ങനെ നടന്നുവന്നതിൻെറ ശേഷം രണ്ടു ശമ്മാശ്ശന്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുറ്റം പറഞ്ഞു തുടങ്ങി. അതായതു, വടയാറ്റും കുമരകത്തും മറ്റും ഉള്ള മല്പാൻമാരോടുകൂടി പഠിക്കുന്ന ശ്മ്മാശ്ശൻമാർ ളോവ കൂടാതെ കമ്മീസോടുകൂടി പള്ളി അകത്തും വരാന്തയിലും മനസ്സുപോലെ നിലത്തും മറ്റും ഇരുന്നും നടന്നും വായിക്കയും പഠിക്കയും ചെയ്തുവരുന്നതുപോലെ അല്ലാതെ ളോവ ഉടുത്തുകൊണ്ടു ക്രമമായി അവിടെത്തന്നെ ഇരുന്നും അവരോടുകൂടെ മുട്ടിപ്പായി ഈ ദേഹവും ഇരുന്നുകൊണ്ടും സെമിനാരി നടത്തുന്നു. ഇങ്ങനെ ഉള്ള ഞെരുക്കത്താലത്രെ ശമ്മാശ്ശൻമാർ ചാകുന്നത് എന്നു പറഞ്ഞിരുന്നു. ആയതിനാൽ കുറെനാൾ കഴിഞ്ഞശേഷം വരാന്തയുടെ താഴത്തു നടന്നു വായിപ്പാൻ അനുവദിച്ചു. അതായതു എട്ടുമണി കഴിഞ്ഞു പാഠം കേൾപ്പിച്ചു കഴിയുന്നവരു വീണ്ടും പന്ത്രണ്ടു മണിവരെയും അപ്രകാരം മൂന്നുമണി കഴിഞ്ഞു അഞ്ചു മണിവരെയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യക്കൂട്ടത്തിലും ഞായറാഴ്ച പെരുനാൾ ദിവസങ്ങളിൽ മാത്രം ളോവ ഉടുക്കുന്നതിനും അനുവദിക്കേണ്ടി വന്നു. ഇങ്ങനെ നടന്നുവരുമ്പോൾ മേല്പറഞ്ഞ പീലിപ്പോസ് ശമ്മാശു വയസ്സുകൊണ്ടും ബുദ്ധിക്കുറവുകൊണ്ടും ഒന്നും പഠിക്കാത്തതുകൊണ്ടും വിചാരിച്ചതുപോലെയുള്ള ഗുണം കാണാഞ്ഞതിനാലും ഇനി പട്ടമേല്ക്കാതെ ഈ സ്ഥിതിയിൽ നിന്നു ദൈവശു



Christian Musicological Society of India

ശ്രൂഷ ചെയ്ക അത്രെ നല്ലതു എന്നു പറഞ്ഞതെ അതിനും മനസ്സില്ല. ഇതിനാൽ, ഞാനിതിനു കാരണക്കാരനായല്ലോ എന്ന് ഈ ദേഹം വിചാരിച്ചു പീലിപ്പോസിനെ പഠിപ്പിക്കുന്നതിനുവേണ്ടിയ ഉത്സാഹം ചെയ്യണമെന്നു നിശ്ചയിച്ചു കാനോനാ നമസ്കാരം പഠിപ്പിച്ചു തുടങ്ങി. റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടി അത്രെ ഈ ദേഹം എത്തിക്കുക പതിവ്. അഞ്ചു മണിക്കു റംശാ. അക്കാലങ്ങളിൽ തലെദിവസമേ ലെലിയ എത്തിക്കുക എന്നുള്ള പതിവ് ഇല്ലായിരുന്നു. പിന്നെയോ എത്ര ദീർഘമുള്ളതായാലും പിറവിയുടെതു നീക്കി ശേഷമൊക്കെയും പുലർകാലമെ എത്തിച്ചു തുടങ്ങുകയുള്ളു. ഇതിനാൽ കാലത്തു തുടങ്ങി ഹൂലാലും മൗത്വായും സപ്രായും എത്തിച്ചു കുർബാന ചൊല്ലും. അപ്പോൾ തഴങ്ങുന്നതിനായി ടി. പീലിപ്പോസിനോടു കൂടെ എത്തിച്ചു തുടങ്ങി. എന്നാൽ ഇയാളെ പഠിപ്പിപ്പാനായി ഒന്നിച്ചു നമസ്കാരം എത്തിച്ചു കഴിയുമ്പോൾ എട്ടു ഒൻപതു മണിയാകും. ഇതിനാൽ ശേഷം ശമ്മാശ്ശന്മാർക്കു ഭാരമാകാതിരിപ്പാൻ വേണ്ടി അവർ തനിച്ചു നമസ്ക്കരിക്കുന്നതിനു അനുവദിച്ചുകൊണ്ടും ഈ ദേഹവും പീലിപ്പോസുമായി നമസ്ക്കരിച്ചിരുന്നു. ആ ആണ്ടിൽ അതാതു നോമ്പിൽ പുലർകാലെ തുടങ്ങി പീലിപ്പോസിനോടു കൂടെ ഏഴു ഹൂലാലയും ഞായറാഴ്ച ദിവസം പത്തു ഹൂലാലയും എത്തിച്ചു കഴിഞ്ഞതിൻെറ ശേഷം കുർബാന ചൊല്ലിയിരുന്നു.

**പാലയ്ക്കലച്ചൻെറ ജീവിതരീതി (പേജ്103):** ...ഈ ദേഹം കുർബാനചൊല്ലിയപ്പോൾ തുടങ്ങി എന്നു തോന്നുന്നു. ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ദിവസവും ഒരു നേരം അതും ഉച്ചയ്ക്കു മാത്രം ചോറുണ്ണും. വയ്യിട്ടു കുറെ കഞ്ഞി കുടിക്കും. കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയകാലം ജീവിച്ചിരുന്നു. അനന്തരം ഒരു കഠിനജ്വരം വന്നപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പ് വൈദ്യൻ കർശനമായി പ്രമാണിച്ചതിനാൽ അന്നു മുതൽ കാലത്ത് കഞ്ഞി കുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴെ സെക്രത്താരി ആയിട്ടു താമസിച്ചിരുന്ന കാലത്തും ഈ ക്രമം അവിടെയും അനുസരിച്ചിരുന്നു.

**സെമിനാരിക്ക് പുസ്തകങ്ങൾ വരുത്തുന്നു:(പേജ് 112):** ...സുറിയാനി ഭാഷയിൽ ശാസ്ത്രപ്പുസ്തകങ്ങളും തെയോലോജിയ, മോരൾ ഇങ്ങനെയുള്ള പട്ടക്കാർക്കു ആവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവില്ലായ്മ നിമിത്തം ഉണ്ടാകുന്ന നാശങ്ങളെ കാൺകയാൽ ഈ ദേഹം ഏറ്റവും സങ്കടപ്പെട്ടു വളരെ അന്വേഷിച്ചതിൽ, പാണ്ടിരാജ്യങ്ങളിൽ പൗലീസ്തക്കാരു ചില പുസ്തകങ്ങൾ തമിഴ് പേച്ചിൽ ഉണ്ടാക്കീട്ടുണ്ടെന്നു കേട്ടു. ആ പുസ്തകങ്ങൾ വരുത്തി, അപ്രകാരംതന്നെ ഇവിടങ്ങളിലും ചില മിസ്യോനാരിമാരാൽ ഉണ്ടാക്കപ്പെട്ട ചില മലയാഴ്മ പുസ്തകങ്ങളും വരുത്തി ഇവയെല്ലാം ഞങ്ങൾക്കു വായിപ്പാനും തന്നു. ഈ ദേഹവും തമിഴുഭാഷ പഠിച്ചു, ആ പുസ്തകങ്ങൾ വായിച്ചു വന്നു. എല്ലാപ്പോഴും തന്നെ വായിച്ചിരുന്നു.ആയതുകൊണ്ടു മറ്റു മല്പാന്മാരു "തമിഴുമല്പാൻ, പാണ്ടിമല്പാൻ" എന്നു പരിഹാസമായി വിളിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സുറിയാനി പേച്ചിലുള്ള പഠനം ഇല്ലായ്മയാലത്രേ ഈ തമിഴു പുസ്തകങ്ങളെ വായിക്കുന്നത് എന്നു പറഞ്ഞു വന്നിരുന്നു. പുണ്യജീവിതം, വലിയ ഓത്തിൻെറ അർത്ഥം ഞാറയ്ക്കൽ മല്പാൻ, കരിയാറ്റിൽ മല്പാൻ, പൗലീനോസ് മൂപ്പച്ചൻ എന്നിവരാൽ ഉണ്ടാക്കപ്പെട്ട കൂദാശപ്പുസ്തകങ്ങളും മറ്റു ചില വിശേഷ മലയാളപുസ്തകങ്ങളും ജ്ഞാനമുത്തു, ജ്ഞാനസഞ്ജീവി, ഏഴാഴ്ചപുതുമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം മുതലായ വിശേഷ തമിൾപുസ്തകങ്ങളും ഉണ്ടായിരുന്നു. അച്ചടിപ്പെന്ന പേരു കൂടെയും കേട്ടിട്ടില്ലാത്ത ഈ ഇന്ത്യയിൽ ഇങ്ങനെയുള്ള പുസ്തകങ്ങളെ സമ്പാദിക്കുന്നതിനു അധിക അന്വേഷണവും വേലയും വേണ്ടിവന്നു. തമിഴിൽ നിന്ന് മലയാളത്തിലേക്കു ചില പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തിരുന്നു. തൻെറ ശിഷ്യർ എല്ലാവരെയും പക്ഷഭേദം കൂടാതെ പഠിപ്പിക്കയും, അവർക്കുവേണ്ടി കൈയെഴുത്തായിരുന്ന സുറിയാനി വേദപുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി അവർക്കു കൊടുക്കയും അവരെക്കൊണ്ടു പകർത്തിപ്പിക്കയും ചെയ്തിരുന്നു.

**മാന്നാനത്തു കൊവേന്തയും സെമിനാരിയും സ്ഥാപിക്കുന്നു (പേജ് 26):** ...ഇതിനിടയിൽ അച്ചനോടു പഠിക്കുന്നതിൽ അതിരമ്പുഴക്കാരു ആലഞ്ചേരി എന്നും, വലിയപറമ്പൻ എന്നും രണ്ടു ശമ്മാശ്ശന്മാരും എളുപ്പം കൊണ്ടു അച്ചൻ കൂടെക്കൂടെ വന്നു താമസിക്കയാലും ഇവിടെ പാർത്തുവന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചനു പഠിത്വവും ശമ്മാശ്ശന്മാരും കൂടെവേണം. അല്ലാഞ്ഞാൽ പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്‌വാനും ജനങ്ങൾക്കു നമ്മുടെ മേൽ താത്പര്യമുണ്ടാകുന്നതിനും കൊവേന്തയ്ക്കു ആളുകളെ കിട്ടുന്നതിനും പാടുണ്ടാകില്ല.

ആകയാൽ സെമിനാരിയും പഠിത്വവും ഒരു ഭാഗത്തും മറുഭാഗത്തു കൊവേന്തയും ആയിരക്ക അത്രെ വേണ്ടത്, അല്ലാഞ്ഞാൽ ഈ ദിക്കിലെ മുറയ്ക്കു നടക്കുന്നതിനു പ്രയാസം. പോരൂക്കര അച്ചൻെറ അഭിപ്രായം, സെമിനാരി ആയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാലദീർഘംകൊണ്ട് നശിച്ചു വീണത്രെ കണ്ടുവരുന്നത്. ഇവരെ ചൊവ്വെ വളർത്തിക്കൊണ്ടു



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പോകുന്നതിനു പ്രയാസം. കൊവേന്ത എന്ന വാക്കു വച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷശരണം നോക്കുന്നതായാൽ നേരെ വിഘ്നവും ആണ്. എന്നുവരികിലും പോരൂക്കര അച്ചൻ മല്പാനച്ചന്റെ മനസ്സിനും ആഗ്രഹത്തിനും കീഴ്‌വഴങ്ങി. ആയതിനാൽ ഈ ശമ്മാശന്മാരും മാന്നാനത്തുതന്നെ പാർത്തവന്നു. വടക്കോട്ടുള്ള മുറിയുടെ താഴത്തെ മുറിയിൽ ഒരു പ്രകാരം പാർപ്പാറായി. അപ്പോൾ മല്പാനച്ചനു അർശ്ശസ്സിന്റെ ചടപ്പാൽ ക്ഷീണിച്ചും മാന്നാനത്തു വന്നാൽ അധികമായി തണുപ്പുകാറ്റാൽ താമസിപ്പാൻ പാടില്ലാതെയും ആകയാൽ ഏറിയതും പള്ളിപ്പുറത്തു തന്നെ പാർത്തു. ക്രമേണ വടക്കോട്ടുള്ള മുറിയുടെ മുകളിലത്തെ തട്ടിലും പാർപ്പാറായി. ചിലരൊക്കെയും പഠിപ്പാനായി വന്നുകൂടി. ഒരു മുഴുവൻധ്യാനം കഴിഞ്ഞശേഷം കൊവേന്തയ്ക്കായി പഠിപ്പാൻ മനസ്സുള്ളവർ ആരാനുമുണ്ടെങ്കിൽ അറിയിക്കണമെന്നും, അവരു മുകളിൽ പാർക്കുകയും മറ്റവരു താഴത്തു പാർക്കയും വേണമെന്നും പറഞ്ഞു. ഇതിന്മേൽ ചിലർക്കു ഇഷ്ടക്കേടായി. മല്പാനച്ചന്റെ പക്കൽ, മല്പാനച്ചൻ ഇവിടെ ഇല്ലാത്തസമയത്തിൽ പോരൂക്കര ഗുണദോഷത്താൽ ഞങ്ങളെ താഴത്തിറക്കി, ഏതാനും പേരെ മുകളിലും കേറ്റി ഇരുത്തി എന്നും മറ്റും സങ്കടം ബോധിപ്പിച്ചു. ഞാൻ മല്പാനച്ചന്റെ പക്കൽ ചെന്നപ്പോൾ മല്പാനച്ചൻ അങ്ങനെയെന്നും, ഇങ്ങനെയെന്നും ഒന്നും പറയാതെ സാരമില്ലാത്ത കാര്യം എന്നപോലെയാക്കി. മറ്റുകാര്യങ്ങൾ ഒക്കെയും പറഞ്ഞ് വേഗത്തിൽ ശേഷമുള്ള പണികൾ ഒക്കെയും തീർത്തു, ആ വടക്കോട്ടുള്ളത് എല്ലാം തട്ടുമിട്ടു ഓടുമിടുവാൻ ഇടയായി എങ്കിൽ കൊള്ളാമായിരുന്നു എന്നും, ആയതിനു വക എന്തെന്നും ആലോചിച്ചു പോരികയും ചെയ്തു.

**പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ മരണവും ശവസംസ്കാരവും (പേജ്127-128):** ...അച്ചനു ദീനം കൂടുതലാകയാൽ ഞാൻ ഇവിടെയും പള്ളിപ്പുറത്തുമായി താമസിച്ചു വരികയിൽ, 1841-ാം കാലം മകരം 16-ാംനു ശനിയാഴ്ച അതായതു വെള്ളിയാഴ്ച പാതിരാ കഴിഞ്ഞു ഞങ്ങളുടെ മല്പാനച്ചനും സഭയുടെ സ്ഥാപകനുമായ പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാച്ചൻ മരിച്ചു. 41 വരെ ദിവസേന അവിടെ റാസ ചൊല്ലി. പിന്നെയും ഇരുപത്തെട്ടു തോറും ചൊല്ലി. അവരവരു പാർക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ചതോറും ഓരോ റാസയും, 365 കുർബാനയും ചൊല്ലുവാൻ നിശ്ചയിച്ചു. ഈ രണ്ടു റാസയും പതിമൂന്നു കുർബാനയും ഓരോരുത്തരു ഏറ്റു നിറവേറ്റി.

നാല്പത്തൊന്നു ശിഷ്യരുടെ പേർക്കു കഴിച്ചു. ആയതിനു പട്ടക്കാരുടെ പേർക്കു 120 ചക്രവും ശമ്മാശ്ശന്മാരുടെ പേർക്കു 60 ചക്രവും വീതം എടുത്തു. ഇതു കൊണ്ടു നാല്പത്തൊന്നും കഴിച്ച് മൂവായിരം ചക്രം കുർബാനയും വകയ്ക്കു കൊവേന്തയിൽ ഇട്ടിരുന്നു. കവറടക്കത്തിനു പള്ളിപ്പുറം, മുട്ടം, തത്തമ്പിള്ളി, ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം, എടത്വ ഇങ്ങനെ ദർശനക്കാരും അവരുടെ കുരിശു മുതലായ കോപ്പുകളും തയിക്കാട്ടുശ്ശേരി, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ ഇങ്ങനെയുള്ള ഇടവക കോപ്പുകളും കൊണ്ടു വന്നു. അന്നത്തെ പെട്ടകം, മെഴുകുതിരി, പള്ളിചെലവ് മുതലായതൊക്കെയും പഴെകടവിലച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചനും കൂടെ ചെലവിട്ടു. യോഹന്നാൻ കത്തനാരച്ചൻ ഉത്സാഹവും താല്പര്യവും വെച്ചതിനാൽ ഒന്നിനും കുറവുകൂടാതെ എല്ലാം പര്യവസാനിച്ചു.

**സ്ഥാനചിഹ്നങ്ങൾ:** പേജ് 107... എന്നാൽ ഈ ദേഹത്തിന് മലയാളത്തിന്റെ മല്പാൻ എന്ന സ്ഥാനവും, മോതിരവും, പോർത്തുഗാളിലെ ശമ്പളവും ഉണ്ട്. ളോവയുടെ മീതെ ഒരു കാപ്പയും ഉണ്ടായിരുന്നു....

പേജ് 109... ഈ ദേഹം പഠിപ്പിപ്പാൻ തുടങ്ങിയ കാലം വരെ വരാപ്പുഴ സെക്രട്ടറി ആയിട്ട് താമസിച്ചിരുന്നു. പള്ളികൾ സംബന്ധിച്ച കാര്യം മാത്രമല്ല വരാപ്പുഴെ ഉള്ള വസ്തു ഏർപ്പാടുകളുടെ വിവരങ്ങളും വേണ്ടും വണ്ണം ഗ്രഹിച്ചിരുന്നു. സെക്രട്ടറിജോലിയിൽ നിന്ന് ഒഴിഞ്ഞിട്ടും, വികാരി ജനറാളന്മാരായിരുന്ന പ്രോസ്പർ, നിക്ലാവോസ് എന്ന മൂപ്പച്ചന്മാർ പ്രധാന സംഗതികൾ ഉണ്ടാവുമ്പോൾ ഈ ദേഹത്തിനെ ആളയച്ചുവരുത്തി ആലോചന ചോദിച്ചിരുന്നു. ഇതു മുഖാന്തിരം ഈ ദേഹം വരാപ്പുഴെ ചെന്നാൽ പിന്തിരിയും വരെയുള്ള ചെലവുകൾ അവിടെ നിന്നും നടത്തിയിരുന്നു.

**ഭരണ പരിഷ്കാരങ്ങൾ:**-1. മെത്രാന്മാർ പള്ളികളിൽ വിസീത്ത തുടങ്ങുന്നു.

പേജ് 110.... മണപ്പുറം മുതലായ പുരയിടങ്ങൾ വഴക്കു നിമിത്തത്താൽ കോട്ടയത്തെ സെമിനാരിയിൽ കുര്യൻ മെത്രാന് എഴുതികൊടുക്കുകയും-സർക്കാരും അവർക്കു സഹായമായി വസ്തു നടത്തികൊടുക്കുകയും, ആയതിനാൽ പണവും, വസ്തുവും മാനവും വരാപ്പുഴയ്ക്കു നഷ്ടപ്പെട്ടിരിക്കയാൽ, ആയതിന് ഒരു വഴി ആലോചിക്കുവാൻ ഈ ദേഹത്തിനെയും വരാപ്പുഴ താമസിച്ച്... ഏതെങ്കിലും ദ്രവ്യം രണ്ടാമതു കൊടുത്താലും, ഈ വസ്തു തിരികെ കിട്ടിയില്ല എങ്കിൽ പല ദോഷങ്ങൾ ഉള്ളതിനാലും, പുത്തൻ മെത്രാൻ കൊടുത്തിരിക്കുന്ന പണം വരാപ്പുഴ നിന്നും കൊടുത്തുകൊള്ളാമെന്നു സമ്മതിപ്പിച്ച് ഈ ദേഹം ഒരുപായമെന്ന രീതിയിൽ, മെത്രാനച്ചൻ കുടമാളൂർ പള്ളിയിൽ വിസീത്ത



Christian Musicological Society of India

യ്ക്ക് പോകുന്നു എന്നൊരു കേൾവി നടത്തി, ഈ ദേഹവും കൂടി കുടമാളൂർ ചെന്ന് കുർബാനയും ചൊല്ലി. കോട്ടയത്തു ചെന്ന് പാദ്രിയെകണ്ട് രണ്ട് നാല് വശങ്ങൾ പറഞ്ഞ് സമ്മതിപ്പിച്ച് പണവും കൊടുത്ത് മെത്രാനെ കൊണ്ട് തീറ് എഴുതികൊടുത്തുകൊള്ളാമെന്നു സമ്മതിച്ചു പോന്നു.

അതു മുതലായി ഈ മെത്രാനച്ചൻ പള്ളികളിൽ ഒക്കെയും വിസീത്തയായിട്ടു പോയി. അതിനു മുമ്പ് മിഷനറിമാരെ പള്ളികളിൽ അയയ്ക്കുന്നതല്ലാതെ മെത്രാന്മാർ പോകുന്ന ചട്ടമില്ലാഞ്ഞു.

**സെമിത്തേരി:-** പേജ് 111.... എന്നാൽ ഇപ്പോൾ ചെയ്യും വണ്ണമുള്ള ക്രമത്തോടും ഫലത്തോടും കൂടെ ചെയ്തിരുന്നില്ല എങ്കിലും, പള്ളികളിൽ സെമിത്തേരി വേണമെന്നും, ആയതിൽ ശവമടക്കണമെന്നും....

**കൊമ്പിരിയാ (ദർശന സമൂഹം), കുമ്പസാര ക്കൂട്:-** ....കുമ്പസാരക്കൂട് ഉണ്ടാക്കണമെന്നും, കൊമ്പിരിയാ ഉണ്ടാക്കണമെന്നും മറ്റുമുള്ള ചട്ടം ഈ ദേഹം കല്പിച്ചു. അതിനു മുമ്പ് പള്ളികളിൽ പ്രത്യേകം സുറിയാനി പള്ളികളിൽ ദർശനവും (കൊമ്പിരിയാ എന്ന ക്രമം) ഉണ്ടായിട്ടില്ല. സെമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളികളിലും ഇല്ലാഞ്ഞു.

**സുറിയാനി പള്ളികളിൽ ദർശനം സ്ഥാപിക്കുന്നു:** പേജ് 116...മേലെഴുതിയിരിക്കും വണ്ണം സുറിയാനി പള്ളികളിൽ ഒരിടത്തിലും ഒരു ദർശനം കൊംപ്രിരിയ എന്നതില്ല. എന്നു തന്നെയല്ല ലത്തീൻപള്ളികളിൽ ചെന്ന് ആരെങ്കിലും ദർശനത്തിൽ കൂടുകയോ ഒപ്പളടുകയോ ചെയ്താൽ അത് വലിയ പരിഹാസമായി പറയുകയും ചെയ്യും. ആയതിൻ വണ്ണം തന്നെ പഠാർത്ഥ പറയുകയും, ലോകരോടറിയിക്കയും, ഇങ്ങനെയുള്ള ചട്ടവുമില്ലാതിരിക്കയിൽ, ഈ ദേഹം വരാപ്പുഴെ പാർത്തു വന്നപ്പോൾ 'കൊംപ്രിയ','കോംഗ്രഹസ്യൊം' എന്നിങ്ങനെയുള്ള സഭക്കാരുമായി കൂടി നടന്നു വരികയും, പെരുന്നാൾ ആഘോഷിക്കയും, ചെയ്യുന്നതിനുള്ള 'അസന്തൊ' എന്ന ക്രമങ്ങൾ പോർച്ചുഗീസിൽ നിന്നും മലയാളത്തിലേക്ക് എഴുതിയുണ്ടാക്കി, ഇതിനെ സുറിയാനി പള്ളികളിലും നടത്തണം എന്നുറച്ച് ഈ ദേഹത്തിൻെറ ഇടവകക്കാരോടും പറഞ്ഞ് ബോധിപ്പിച്ചു മനസ്സു വരുത്തി....

**ഭാരതത്തിലെ ഏതദ്ദേശീയ സന്ന്യാസസഭയുടെ ആരംഭം:-** പേജ് 15... ഇങ്ങനെ ഞങ്ങളെ പഠിപ്പിച്ചിരുന്ന കാലത്ത് ആ ദേഹത്തിൻെറ ഏറിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ചു ആ പള്ളിയിലും[10], പിന്നെയും ചില പള്ളികളിലും കൊൺഗ്രഹസ്യോൻ എന്ന കർമ്മലമാതാവിൻെറ ദർശനപ്പെരുന്നാൾ സ്ഥാപിച്ചു ഘോഷിച്ചിരുന്നു. ആ ദേഹത്തിനു ഏറ്റിക്കപ്പെട്ട സ്നേഹക്കാരനായ ബ.പോരൂക്കര തോമ്മാക്കത്തനാരച്ചനും ഈ ദേഹവും കൂടെ ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്കു വിഘ്നമായിരിക്കകൊണ്ടു വല്ല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശന വീടുണ്ടാക്കണമെന്നാഗ്രഹിച്ചു. ആയതിന്നു ഒരു സഹായവും ആരുമില്ലായ്കകൊണ്ടു ഖേദിച്ചപേക്ഷിച്ചിരിക്കുമ്പോൾ ദൈവസഹായത്താൽ ബഹുമാനപ്പെട്ട ബോംബെയുടെ വികാരി അപ്പസ്തോലിക്കാ ആയ മാർ മൗറേലിയോസ് ദൊലീക്കാ എന്ന മെത്രാനച്ചൻ ഇവിടേക്കു വന്നു. മാർ ലെയോൻ പത്താമതു എന്ന ശുദ്ധമാന മാർപ്പാപ്പയുടെ കല്പനയാൽ വരാപ്പുഴയ്ക്കു ഇന്തിരീനാ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാഴുകയിൽ, ഞങ്ങളുടെ മല്പാനച്ചൻ, മുമ്പു പിയൂസു ഏഴാമതു എന്ന ശുദ്ധമാന മാർപ്പാപ്പയുടെ കാലത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാണിരുന്ന മാർ റെയിമൂന്ത് സൂര്യ എന്ന മെത്രാനച്ചൻെറ സെക്രത്താരിയായിട്ടു പാർത്തിരുന്നതിനാലും, പിന്നെ ഉണ്ടാകുന്ന യജമാനന്മാരു ആലോചന ചോദിക്കുന്നതിനായി ഞങ്ങളുടെ മല്പാനച്ചനെ വിളിക്കുമാറായിരുന്നു. അപ്രകാരം ബഹുമാനപ്പെട്ട മാർ മൗറേലിയോസ് എന്ന മെത്രാനച്ചൻ വിളിച്ചു ഒന്നുകിൽ സെക്രത്താരി ആയിട്ടവിടെ പാർക്കണം. ആയതല്ലെങ്കിൽ ഇപ്രകാരം വിശ്വാസമുള്ളതിൽ ഒരു പട്ടക്കാരനെ ഇവിടെ നിർത്തണം എന്നു കല്പിച്ചു. ഞങ്ങളുടെ മല്പാനച്ചനു പഠിപ്പിക്കൽ എന്ന ജോലി ഉപേക്ഷിപ്പാൻ പാടില്ലായ്കയാൽ പോരൂക്കര തോമ്മാക്കത്തനാരച്ചനെ കൊല്ലത്തു തങ്കച്ചേരി പുത്തൻപള്ളിയിൽനിന്നു വരുത്തി മെത്രാനച്ചൻെറ സെക്രത്താരി ആയിട്ടു ആക്കുകയും ചെയ്തു. ഇങ്ങനെയിരിക്കയിൽ ഇവരു മുൻവിചാരിച്ച സംഗതിയെപ്പറ്റി ആലോചിക്കയിൽ "എൻെറ നാമത്തിൽ രണ്ടു മൂന്നു പേരു കൂടുന്നിടത്തു ഞാനുണ്ടാകുമെന്നും ചോദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും" എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിൻെറ അരുളപ്പാടിനു തക്കവണ്ണം ഇവരുടെ ഉത്സാഹത്താലും അപേക്ഷയാലും ബഹുമാനപ്പെട്ട മെത്രാനച്ചൻ ഈ അവസ്ഥകൾ ഗ്രഹിച്ചപ്പോൾ ദാഹിക്കപ്പെട്ട ഭൂമി വർഷത്താൽ തെളിയും വണ്ണം പുണ്യദാഹത്താൽ ദാഹിക്കപ്പെട്ടിരിക്കുന്ന അച്ചൻ ഏറ്റിക്കപ്പെട്ട തെളിവാൽ തെളിഞ്ഞു. "തമ്പുരാൻെറ മുഖം അന്വേഷിക്കുന്നവരു ഈ വേലയ്ക്കു ദാനധർമ്മം ചെയ്യണ" മെന്ന ഒരു പസ്തേന്തി എഴുതി. ഇതിനു ദാനധർമ്മമായിട്ടു ബഹുമാനപ്പെട്ട അച്ചൻ 1829-ാം കാലം വൃശ്ചികം 1-നു തന്നെ മുമ്പിനാൽ ഇവരുടെ കൈയിൽ, അതായതു ഞങ്ങളുടെ മല്പാനച്ചൻെറയും പോരൂക്കര അച്ചൻെറയും കയ്യിൽ, ഇരുനൂറു കമ്പനി രൂപയും കൊടുത്തു.



Christian Musicological Society of India

ഇതിനു വേലചെയ്‌വാൻ ഇവർ രണ്ടുപേരെയും കഴല പ്പെടുത്തി അ യച്ചു.

**മാന്നാനത്ത് കല്ലിടുന്നു:** പേജ് 64... പിന്നീട് അതിനു വടക്കുവശത്ത് കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കു വശത്തുള്ള ഒരു കുന്നുംപുറം വാങ്ങിക്കണം എന്നു വിചാരിച്ചു അതിനു വേല ചെയ്തു. ഇരുപത്തഞ്ചു നോയമ്പിൻെറ തലേ ദിവസം തയ്യിൽ തരകൻ എന്നും, അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിള എന്നും അങ്ങനെ രണ്ടു ഗൃഹസ്ഥന്മാരും ഐക്യമത്യമായി പാർത്തു വരുന്നു എന്നും അവരെ കണ്ട് പറഞ്ഞാൽ അവരു വിചാരിച്ചു നടത്തിത്തരുമെന്നും കരുതി. ആ ദിവസം കുർബാനയും ചൊല്ലി നോയമ്പോടെ തിരിച്ച് കാര്യങ്ങാം പറഞ്ഞറിയിച്ചാറെ അച്ചന്മാരു എങ്ങും പോകണ്ടാ എന്നും നമ്മുടെ ഈ കുന്നുംപുറം തന്നെ നന്ന് എന്നും ഇങ്ങനെ ഇതിൻെറ വിശേഷം പറഞ്ഞ്, കയറ്റി കാട്ടിയപ്പോാം ഇതുതന്നെ കൊള്ളാമെന്നും നിശ്ചയിച്ച് വേല ചെയ്യുന്നതിനും പറഞ്ഞു തിര്യെ പോന്നു. മേലെഴുതിയ ഉത്തരവിൻ പ്രകാരം ഏറ്റുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലം കണ്ണു മുകാം എന്ന കാലായിൽ പള്ളിയും വീടും വയ്ക്കുന്നതിനു സമ്മതമുണ്ടെന്നു കരക്കാരെക്കൊണ്ടു ചീട്ടുവെപ്പിച്ചു. പെ.ബ. അച്ചനു അർത്തുങ്കൽ പാർത്തിട്ടു സുഖക്കേടു ആക കൊണ്ടു കുടമാളൂർ വന്ന് പാർക്കണമെന്നു നിശ്ചയിച്ചു അവിടെ വന്നു പാർത്തു. ഈ അവസരത്തിൽ ഈയിടം വെട്ടിത്തെളിച്ചു ഒരു കുരിശുപുര കെട്ടിച്ച് ബ. മല്പാനച്ചനെക്കൊണ്ട് അനുവാദം വാങ്ങിച്ചു കുർബാന ചൊല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴയിൽ വന്ന് കുർബാനയും ചൊല്ലി ഇവിടെവന്നു പാർത്തു വേല എടുപ്പിപ്പാൻ കഴിഞ്ഞു വരുന്നതല്ലാ എന്നും ആയതുകൊണ്ട് അച്ചൻ വന്നു ഈ വിവരം ബ.അച്ചനെ ബോധിപ്പിച്ചു അനുവാദം വാങ്ങേണ്ടതിനു വേഗത്തിൽ വരണമെന്നും എന്നോടു പറഞ്ഞയച്ച പ്രകാരം ഞാൻ പള്ളിഗ്രുറത്തു ചെന്നു പറഞ്ഞാറെ അച്ചൻ അതിനു സമ്മതിച്ചു. മെത്രാനച്ചൻെറ പക്കൽ വന്നു ബോധിപ്പിച്ചപ്പോാം കുത്തിമറച്ചു കുർബാന ചൊല്ലിയെന്നാൽ പിന്നത്തേതിൽ ഉദാസീനതയും വെടിപ്പുകേടും ആയിത്തീരും. ആകയാൽ എത്രയും വേഗത്തിൽ ചെറുതായിട്ട് ഒരു കുരിശുപുര കല്ലുകൊണ്ട് തീർക്കണമെന്നു കല്പിച്ചു. അപ്രകാരം നിശ്ചയിച്ചു വേലചെയ്തു തുടങ്ങുകയിൽ, ഞങ്ങളുടെ അച്ചനു ചടപ്പാകകൊണ്ടു മലയിൽ വന്നിരിപ്പാനും അതിരമ്പുഴയ്ക്കു പോയി ചൊല്ലുവാനും പാടില്ലായ്കകൊണ്ടും പള്ളിപ്പുറത്തു, മെത്രാനച്ചൻെറ കല്പനപ്രകാരം സെമിനാരി നടത്തുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടും അവിടേയ്ക്കു പോയി.

1831-ാം കാലം ഇടവം 11-ാംനു പെ.ബ. അച്ചൻ വന്ന് കൊവേന്തയ്ക്കു കല്ലിടാമെന്ന് കല്പിച്ചിരുന്നു. ഈ അവധിക്കു കല്ലിടുവാനും കപ്പേളയിൽ കുർബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു, എന്നുള്ള അറിയിപ്പ് അച്ചൻെറ ശിഷ്യരും സ്നേഹിതരും ആയ പട്ടക്കാർക്കെല്ലാവർക്കും കൊടുത്തയച്ചു. എന്നാൽ ദിവസം അടുത്തുവന്നപ്പോാം മെത്രാനച്ചന് കൈകാൽ ഒക്കെയും ഒരുതരം വലിയ ചിരങ്ങുണ്ടായതിനാൽ കല്ലിടുന്നതിനുള്ള മനസ്സ് അല്പം തണുത്തു. ആകയാൽ പോരൂക്കര അച്ചനും, അച്ചനും, പസ്കാാം പാദ്രി അച്ചനും അധികം സാദ്ധ്യപ്പെട്ടപേക്ഷിച്ചതിനാൽ ഒരു പ്രകാരം സമ്മതിച്ചു കല്ലിടുന്നതിനായി വന്നു. പെ.ബ.മെത്രാനച്ചനു സുഖക്കേടാകയാൽ, പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും, അച്ചനു പാടില്ലെങ്കിൽ പോരൂക്കര അച്ചൻ ആകട്ടെയെന്നും ഇങ്ങനെ അവരുടെ ഉപവിയാലും എ ളിമയാലും കുറെ തർക്കിച്ചു എങ്കിലും പോരൂക്കര അച്ചൻ തന്നെ കല്ലിടുന്നതിനു തീർച്ചപ്പെടുത്തി. ആരുടെ നാമത്തിൽ വേണമെന്നതിനാൽ മൂന്ന് അഭിപ്രായമായി. യോഹന്നാൻ മാംദാനയുടെ നാമത്തിൽ വേണമെന്നു പെ.ബ. മെത്രാനച്ചനും, ദുമ്മനീങ്കോസു പുണ്യാളൻെറ നാമത്തിൽ വേണമെന്നു ഞങ്ങളുടെ അച്ചനും, യൗസേപ്പു പുണ്യവാളൻെറ നാമത്തിൽ വേണമെന്ന് പോരൂക്കര അച്ചനും പറഞ്ഞു. ഇതു മൂന്നും പറഞ്ഞു കഴിഞ്ഞപ്പോാം പെ.ബ. മെത്രാനച്ചനും, ഞങ്ങളുടെ അച്ചനും പോരൂക്കര അച്ചൻെറ നിശ്ചയം തന്നെ എല്ലായിലും നന്ന് എന്നുവെച്ച് പെ.ബ. മെത്രാനച്ചൻ നിന്നുകൊണ്ടു പോരൂക്കര അച്ചനെക്കൊണ്ടു യൗസേപ്പു പുണ്യവാളൻെറ നാമത്തിൽ കൊവേന്തപ്പള്ളിക്കു അടിസ്ഥാനമിടുവിച്ചു.

(തയ്യാറാക്കിയത്: കുര്യാച്ചൻ പാലയ്ക്കൽ)

---

**അവലംബം:**

1. ചാവറയച്ചൻെറ സമ്പൂർണ്ണ കൃതികാം നാളാഗമം - ഒന്നാംവാല്യം
2. സഭാപിതാക്കന്മാർ - Published by Fr. Sebastian Palathara C.M.I.

**കുറിപ്പുകാം:**

1. ബ. ചാവറയച്ചൻ.
2. ചരിത്രമെഴുതുക എന്ന ദൗത്യം.
3. ചാവറയച്ചൻ മല്പാനച്ചനെ സംബോധന ചെയ്യുന്നത്. 'ഈ ദേഹം', 'ആ ദേഹം' - നമ്മുടെ മല്പനാച്ചൻ എന്നാണ്.
4. മല്പാനച്ചൻെറ പിതാവ്.
5. ഭക്ഷണം.
6. 'കൊംപെസ്സൊര' എന്നു മൂലം.
7. 'എമ്മിനദൊർ' എന്നു മൂലം.
8. മെത്രാന്മാരുടെ.
9. ബഞ്ച്.
10. പള്ളിപ്പുറം പള്ളി




CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പള്ളിപ്പുറം പള്ളി ⇨
പുനരുദ്ധാരണത്തിനു മുമ്പ്





⇦ സെന്റ് തോമാസ് സ്ഥാപിച്ച കുരിശു കണ്ടുകിട്ടിയ സ്ഥലത്ത്
സ്ഥാപിച്ച മാട്ടേൽ പള്ളി

ചരിത്രപ്രസിദ്ധമായ പള്ളിപ്പുറം ⇨
സെമിനാരി





⇦ പള്ളിമേട



Christian Musicological Society of India